# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഹമ്മ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P5/ 346 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഹമ്മ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P5/ 346 /2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2019 മുതൽ 27-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയരക്ടർ | 05-03-2021 | 17-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ആശ.എം.വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി. എ.ഡി. ബീന, സീനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കെ. ബി. സുനിൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെ.ജയലാൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.എസ്സ്. രാമചന്ദ്രൻ | സെക്രട്ടറി | 01-04-2019 | 23-02-2020 |
| ശ്രീമതി. ലസിത.കെ.എസ്സ്. | അസി.സെക്രട്ടറി (ഇൻചാർജ്ജ്) | 24-02-2020 | 31-03-2020 |
| ശ്രീ. വി.വിഷ്ണു | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ജെ.ജ്യോതി | എം.ഓ (ആയൂർവ്വേദം) | 01-04-2019 | 31-03-2020 |
| അഞ്ജന ബാബു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ജ്യോതികല | എച്ച്.എം | 01-04-2019 | 31-03-2020 |
| സുരേഷ് പി പണിക്കർ | സീനി.വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ധന്യ.എ | ഐസിഡിഎസ്സ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഹാഷിഫ്.എച്ച് | വിഇഓ | 01-04-2019 | 28-11-2019 |
| സുമ.പി | വിഇഓ | 29-11-2019 | 31-03-2020 |
| പ്രസീദ..കെ എസ്സ് | വിഇഓ | 01-04-2019 | 31-05-2019 |
| ഹാഷിഫ്.എച്ച് | വിഇഓ | 01-06-2019 | 23-12-2019 |
| പ്രസീദ.കെ.എസ്സ് | വിഇഓ | 24-12-2019 | 31-03-2020 |
| സൂര്യാ അരേശ്ശേരിൽ | ഫിഷറീസ് ഇൻസ്പെക്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീദേവി. എസ്സ് | എം.ഓ (സിഎച്ച്സി) | 01-04-2019 | 31-03-2020 |
| സൌമ്യ.എസ്സ് | ഡി.എഫ്.ഐ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലസിത.കെ.എസ്സ്. | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.മോഹനദാസ് | എം.ഒ (ഹോമിയോ) | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 1-2 |
| 3 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Asa.M.V (Audit Officer, On 19-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-1 |
| 4 | വാർഷിക കണക്കുകളുടെ സമർപ്പണം-അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-3 |
| 6 | ഡിപ്രിസിയേഷൻ-കൃത്യത കണക്കാക്കുവാൻ സാധിക്കുന്നില്ല<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-4 |
| 7 | വസ്തുനികുതി-ബുക്ക് അഡ്ജസ്റ്റ്മെന്റ് മുഖേന കുറവുവരുത്തിയ തുകയുടെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Asa.M.V (Audit Officer, On 19-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-5 |
| 8 | തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Asa.M.V (Audit Officer, On 19-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-6 |
| 9 | ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകളുടെ പരിപാലനത്തിലെ ന്യൂനതകൾ<br>Written By: Asa.M.V (Audit Officer, On 19-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-2-7 |
| 10 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 1-3 |
| 11 | ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-04-2021) | 1-4 |
| 12 | പദ്ധതി അവലോകനം.<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-04-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി.<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 27-03-2021) | 1-6 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 18-03-2021) | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 23-03-2021) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Asa.M.V (Audit Officer, On 19-03-2021) | 1-9 |

| | | |
|---|---|---|
| | Last Updated By: A.D.Beena (Asst. Audit Officer, On 09-04-2021) | |
| 17 | തൊഴിൽ നികുതി<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 09-04-2021) | 1-10 |
| 18 | നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-11 |
| 19 | ഇ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയില്ല<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-04-2021) | 1-12 |
| 20 | ഡി & ഓ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-04-2021) | 1-13 |
| 21 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-14 |
| 22 | പഞ്ചായത്തിൽ ഒഴിവ് ഇല്ലാത്ത സമയത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-04-2021) | 1-15 |
| 23 | എറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം -പ്രവർത്തന സജ്ജമാക്കിയില്ല<br>Written By: Asa.M.V (Audit Officer, On 11-03-2021)<br>Last Updated By: Sunil K B (Auditor, On 31-03-2021) | 1-16 |
| 24 | എസ്സ് എസ്സ് എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: Sunil K B (Auditor, On 31-03-2021) | 1-17 |
| 25 | കുട്ടികളുടെ കൊട്ടാരം - പണം കൈപ്പറ്റിയതിൽ അപാകത<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 09-04-2021) | 1-18 |
| 26 | കുട്ടികളുടെ കൊട്ടാരം - ചെലവു രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-19 |
| 27 | ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-20 |
| 28 | ഡിജിറ്റൽ ബോർഡും, കമ്പ്യൂട്ടറും സ്ഥാപിക്കൽ<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-21 |
| 29 | പത്താം തരം തുല്യതാ ഹയർസെക്കന്ററി പരീക്ഷ -അപാകതകൾ<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-22 |
| 30 | തെങ്ങിന് ജൈവവളം -അപാകതകൾ<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-23 |
| 31 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-24 |
| 32 | ലൈഫ് ഭവന പദ്ധതി- അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-25 |
| 33 | ലൈഫ് ഭവനനിർമ്മാണം - തുക തടസ്സപ്പെടുത്തുന്നു.<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 09-04-2021) | 1-26 |

| | | |
|---|---|---|
| 34 | ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-27 |
| 35 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-28 |
| 36 | ലൈഫ് ഭവനനിർമ്മാണം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-29 |
| 37 | ഹരിത സഹായ സംഘത്തിന് കൺസൽട്ടേഷൻ ഫീസ് നൽകൽ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-30 |
| 38 | എസ്.ടി. കുടുംബങ്ങൾക്ക് വാട്ടർടാങ്ക് -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-31 |
| 39 | വൈദ്യുതി ലൈൻ വ്യാപനം -പ്രവൃത്തി ആരംഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 31-03-2021) | 1-32 |
| 40 | കാലഹരണപ്പെട്ട യാത്രാബത്ത ക്ലയിമിന് ടി.എ നൽകി<br>Written By: Renju Prakash (Senior Grade Auditor, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 09-04-2021) | 1-33 |
| **ഭാഗം 2** | | |
| 1 | തൊഴിൽനികുതി<br>Written By: Renju Prakash (Senior Grade Auditor, On 09-04-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 09-04-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 4-2. |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 4-3. |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 26-03-2021) | 4-4. |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 4-5. |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asa.M.V (Audit Officer, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 18-03-2021) | 4-6. |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: A.D.Beena (Asst. Audit Officer, On 18-03-2021) | 4-7. |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 18-03-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 09-04-2021) | 4-8. |

| | | |
|---|---|---|
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunil K B (Auditor, On 18-03-2021)<br>Last Updated By: Asa.M.V (Audit Officer, On 19-03-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 20.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.02.2020തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്.ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബജറ്റ് പ്രകാരം | 8902553 | 188501619 | 197404172 | 189188983 | 8215189 |
| വാർഷിക കണക്ക് പ്രകാരം | 29061890 | 80082235 | 109144125 | 79478602 | 29665523 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 19-20 | 31.07.2020 | 3.06.2020 |

### 1-2-1 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ആയി 17942 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ അതിനെ സാധൂകരിക്കുന്ന രീതിയിൽ വാങ്ങൽ,വിതരണം,ബാക്കി സ്റ്റോക്ക് എന്നിവ ചേർത്ത് മൂല്യം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

### 1-2-2 വാർഷിക കണക്കുകളുടെ സമർപ്പണം-അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് )

### 1-2-3 ആസ്തി രജിസ്റ്റർ കാലികമല്ല

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലികമല്ല.തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

### 1-2-4 ഡിപ്രിസിയേഷൻ-കൃത്യത കണക്കാക്കുവാൻ സാധിക്കുന്നില്ല

പഞ്ചായത്തിലെ ഓരോ ആസ്തികളുടെയും മൂല്യം ,ആസ്തി ആർജ്ജിച്ചതും വിറ്റൊഴിഞ്ഞതുമായ കാലളവ് എന്നിവ കൃതൃമായി തയ്യാറാക്കിയിട്ട്ല്ല.ആയതിനാൽ ആസ്തികളുടെ തേയ്മാനച്ചെലവായി കണക്കിലെടുക്കുന്ന തുകകളുടെ കൃതൃത കണക്കാക്കുവാൻ കഴിയുന്നില്ല.

### 1-2-5 വസ്തുനികുതി-ബുക്ക് അഡ്ജസ്റ്റ്മെന്റ് മുഖേന കുറവുവരുത്തിയ തുകയുടെ രേഖകൾ ലഭ്യമാക്കിയില്ല

മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (B-15)ലഭിക്കാനുള്ളതായി കാണിച്ചിട്ടുള്ള വസ്തു നികുതി അരിയർ 45356 രൂപയിൽ 19257/- രൂ.ഈ വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18പ്രകാരം പ്രയർ പിരീഡ് ഇൻകം ആയി ചേർത്ത് ഒഴിവാക്കിയിട്ടുണ്ട്.ഇത് സംബന്ധിച്ച് വിശദമായ നോട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വസ്തുനികുതി-കുടിശ്ശിക ഡിമാന്റ് പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി-കുടിശ്ശിക ഡിമാന്റ് തുക (റസിഡൻഷ്യൽ) സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.വാർഷിക കണക്കുപ്രകാരം ഈടാക്കുവാനുണ്ടായിരുന്ന നികുതി കുടിശ്ശിക തുക, ബുക്ക് അഡ്ജസ്റ്റ്മെന്റിലൂടെ ക്രമീകരിച്ചിട്ടുണ്ട്.ആയതിന്റെ വിശദാംശം നോട്ടായി ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

എ)കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | | അഡ്ജസ്റ്റഡ് | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" | 26097 | 18122 | 7975 | | 8373 |

| | | | | | |
|---|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 45356 | 18122 | 27234 | 19259 | *8373 |
| | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)18-19 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | --- | (I18),&Prior Period Income - Ledger | (7975x100/105=8373) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)19-20 |

അധിക ഡിമാന്റ് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വസ്തുനികുതി-ബുക്ക് അഡ്ജസ്റ്റ്മെന്റ് മുഖേന കുറവുവരുത്തിയ തുകയുടെ രേഖകൾ ലഭ്യമാക്കിയില്ല

വസ്തുനികുതി-റസിഡൻഷ്യൽ ,നോൺ റസിഡൻഷ്യൽ ഇനത്തിലെ നികുതി തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് മുഖേന കുറവുവരുത്തിയിട്ടുണ്ട്.(I18),&Prior Period Income -Ledger.)ഈയിനത്തിൽ കുറവുവരുത്തിയ തുകയുടെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

<u>എ)തൻവർഷം</u>

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബുക്ക് അഡ്ജസ്റ്റഡ് | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1908351 | 1722272 | 3119 | 46641 | 143135 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1908351 | 1722272 | 3119 | 46641 | *143135 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | | (I18),&Prior Period Income - Ledger | (136319x105/100=143135) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബുക്ക് അഡ്ജസ്റ്റഡ് | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3497354 | 2902418 | NIL | 27549 | 595756 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3497354 | 2902418 | NIL | 27549 | *595756 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | | (I18),&Prior Period Income - Ledger | (567387x105/100=595756) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## <u>1-2-6 തൊഴിൽ നികുതി രജിസ്റ്ററും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല</u>

തൊഴിൽ നികുതി രജിസ്റ്ററും (ജീവനക്കാരുടേത്) വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്,കളക്ഷൻ,നിക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## <u>1-2-7 ഡെപ്പോസിറ്റ്,അഡ്വാൻസ് രജിസ്റ്ററുകളുടെ പരിപാലനത്തിലെ ന്യൂനതകൾ</u>

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ(B-18) പ്രകാരം നല്കിയ വിവിധ അഡ്വാൻസുകൾ,ഡെപ്പോസിറ്റുവർക്കുകൾ എന്നിവയുടെ കൃത്യത,തുടർപ്രവർത്തനങ്ങളുടെ പരിശോധന എന്നിവ സാധ്യമാക്കുംവിധം വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.KWA , KSEB , Conveners Advance എന്നീയിനങ്ങളിൽ മുൻവർഷങ്ങളിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 29061890 |
| വരവ് | 80082235 |
| ആകെ | 109144125 |
| ചെലവ് | 79478602 |
| നീക്കിയിരിപ്പ് | 29665523 |

## 1-4 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം. | ഒ.ബി. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. | Q-ബില്ലിന്റെ വിവരം |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 13483164 | 13483164 | 11117965 | 2365199 | 1304413 |
| എസ്.സി. പി | | 4522882 | 4522882 | 2946060 | 1576822 | 137370 |
| ടി.എസ്.പി | | 404000 | 404000 | 236250 | 167750 | Nil |
| സി.എഫ്. സി | | 10914691 | 10914691 | 5872612 | 5042079 | 1843229 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 4283000 | 4283000 | 1411975 | 2871025 | 2477711 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 4179000 | 4179000 | 3088641 | 1090359 | Nil |
| എസ്.ബി.എെ.പെർഫോമൻസ് ഗ്രാന്റ് | 480684 | 0 | 480684 | 166649 | 314035 | |
| എൻ.ആർ. ഇ. ജി. എസ് | 38842 | 1647168 | 1686010 | 1682962 | 3048 | |

## 1-5 പദ്ധതി അവലോകനം.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ,തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മാത്രമല്ല പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഒരു പ്രൊജക്ടിലും മോണിട്ടറിംഗ് നടത്തുകയോ പൂർത്തീകരണപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. 19-20 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പ്രാവശ്യമാണ് കൂടിയിട്ടുള്ളത്.പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം,എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണ സമിതി തൻവർഷം രണ്ട് തവണ മാത്രമെ കൂടിയിട്ടുള്ളൂ.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 146 | 109070794 | 81 | 64961077 | 9 | 56 | 55.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ്. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38842 | 1647168 | 1686010 | 1682962 | 3048 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത്. | | 29140355 | 29140355 | 29140355 | |
| ആകെ | 38842 | 30787523 | 30826365 | 30823317 | 3048 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 459840 | 248 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 925200 | 176 |
| വിധവാപെൻഷൻ | 4194600 | 786 |
| വാർദ്ധക്യകാലപെൻഷൻ | 10314300 | 2419 |
| വികലാംഗപെൻഷൻ | 2068100 | 367 |
| അവിവാഹിതപെൻഷൻ | 505200 | 97 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-03-2021 തീയ്യതിയിൽ സ്ഥാപന തലവന്റെ/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51553 /- രൂപ ക്യാഷ്ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ല.കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദമായ വിവരങ്ങൾ അടങ്ങിയ പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ സൂക്ഷിക്കുന്നില്ല.
പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

## 1-10 തൊഴിൽ നികുതി

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

I.അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് അനുസൃതമായി നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം പട്ടികയിൽ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|
| T.G POLYMERS &CO. | സുജിത്ത് | 65619 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| വേദ വ്യാസ ഇംഗ്ലീഷ് മീഡിയം സ്കൂൾ | സോമശേഖര പണിക്കർ, പ്രിൻസിപ്പാൾ | 30000 | 300 | 180 | 120 | " |
| | മായ എസ് നായർ എച്ച്.എം | 36000 | 300 | 180 | 120 | " |
| | ലതി. കെ. പി ,ടീച്ചർ | 30000 | 300 | 180 | 120 | " |
| | ജസീന്ത.ഏ.ജി, ടീച്ചർ | 24000 | 180 | 120 | 60 | " |
| | അഞ്ജന .ബി ,ടീച്ചർ | 24000 | 180 | 120 | 60 | " |
| | റീന.കെ ,ടീച്ചർ | 24000 | 180 | 120 | 60 | " |
| | ശ്രീന വിജയൻ ,ക്ലാർക്ക് | 24000 | 180 | 120 | 60 | " |
| | രാധിക . സി. റ്റി , ആയ | 24000 | 180 | 120 | 60 | " |
| | അമ്പിക ,കുക്ക് | 24000 | 180 | 120 | 60 | " |
| Glass Tech Components | മഹേഷ് | 77833 | 750 | 450 | 300 | രണ്ടാം അർദ്ധവർഷം |
| KE Carmel Central School | രൂപേഷ്. പി ഡ്രോയിംഗ് ടീച്ചർ | 104154 | 1000 | 750 | 250 | " |
| ESAF Small Finance Bank | ആമിന .എൻ, ഓഫീസർ | 64800 | 600 | 300 | 300 | " |
| ആകെ | | | | | 1720 | |

II.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | നഷ്ടത്തുക |
|---|---|---|
| ആലപ്പുഴ ജില്ലാ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, | രണ്ടാം അർദ്ധ വർഷം | 1250 |
| മുത്തൂറ്റ് ഫിനാൻസ്, മുഹമ്മ | രണ്ടാം അർദ്ധവർഷം | 1250 |
| ആകെ | | 2500 |

III. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വേദ വ്യാസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും അധ്യാപക – അനധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധവർഷം 1440 രൂപ ഈടാക്കിയിട്ടുണ്ട്. രണ്ടാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല.

IV. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആസാദ് എൽ.പി സ്കൂളിൽ നിന്നും അധ്യാപക – അനധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ രണ്ടാം അർദ്ധവർഷം 12,250 രൂപ ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം . 14 / 16.03.21 ) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, നഷ്ടത്തുകയായ 4220/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-11 നികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെ പ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്.

എന്നാൽ, ടി കടമുറികളുടെ വസ്തു നികുതി ഒന്നിച്ച് നിർണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണകാക്കി ഒരു ചതുരശ്ര മീറ്ററിന് 55/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ഒരു ചതുരശ്ര മീറ്ററിന് 65/- രൂപയാണ്. എന്നാൽ, ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 55/-രൂപ മാത്രമാണ് ഈടാക്കുന്നത് . ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| ഏ . ജി . രാധാമണി | 11 / 671A<br>11/671B | 81.06<br>21.13<br>ആകെ-102.49 |
| ബേബി ചന്ദ്രൻ, ചെത്തികാട്ടുവെളി | 4/405A<br>4/405B<br>4/405C | 46.81<br>46.81<br>46.81<br>ആകെ-140.43 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (13 / 16.03.21) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 ഇ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയ30592/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഡി & ഓ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 പ്രകാരം ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ നിയമം അനുശാസിക്കും പ്രകാരമുള്ള ഫീസും, അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ലൈസൻസ് പുതുക്കി

നല്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ കാലാവധിക്കുള്ളിൽ അല്ലാതെ വർഷം മുഴുവനും ലൈസൻസ് പുതുക്കി നൽകുന്ന പ്രവണത കണ്ടു വരുന്നു. ഇതു മൂലം പഞ്ചായത്തിന് യഥാസമയം കിട്ടേണ്ടുന്ന വരുമാനം ലഭിക്കുന്നില്ല എന്ന് മാത്രമല്ല, ലൈസൻസ് പുതുക്കുന്നതു വരെയുള്ള കാലയളവിൽ ലൈസൻസ് ഇല്ലാതെ തന്നെ വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-5/12-03-2021 ന് മറുപടി ലഭ്യമാക്കിയില്ല. വിഷയം ഭരണസമിതിയിടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) 31/10/2017 ലെ പുതുക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽ ഉത്പാദന മേഖലയിൽ 1 കോടി രൂപയിൽ കൂടുതലും, 5 കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ 50 ലക്ഷം രൂപയിൽ കൂടുതലും, 2 കോടി രൂപയിൽ കവിയാത്തതുമായ മുതൽ മുടക്കുള്ളവയ്ക്ക് 5000/- രൂ. വാർഷിക ലൈസൻസ് ഈടാക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേരു വിവരം | സ്ഥാപനത്തിന്റെ വിവരം | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കേണ്ടത് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 1. | മിനിമോൾ, ടി.ജി.പോളിമേഴ്സ് | പേപ്പർ പോളിബാഗ് നിർമ്മാണം &സ്റ്റോക്ക് | 4000 | 5000 | 1000 |
| 2. | മിനിമോൾ, മരിയാ പാക്കേജിംഗ് | പേപ്പർ പോളിബാഗ് നിർമ്മാണം &സ്റ്റോക്ക് | 4000 | 5000 | 1000 |
| 3. | എൻ.വി.ബാബു, നെയ്യാരപ്പള്ളി | റബ്ബർ മാറ്റ് ഫിനിഷിംഗ് | 2000 | 5000 | 3000 |
| 4. | പ്രകാശ് ഷിയറിംഗ് ഫാക്ടറി | ഷിയറിംഗ് ഫാക്ടറി | 4000 | 5000 | 1000 |
| 5. | ശരത് നായർ, വാൻഷിക അപ്പാർട്ട്മെന്റ്സ് | അപ്പാർട്ട്മെന്റ്സ് | 4000 | 5000 | 1000 |
| 6. | ബാബു ജോണി, ലെലീല | റിസോർട്ട് റെസ്റ്റോറന്റ് | 4000 | 5000 | 1000 |
| 7. | മാനേജിംഗ് ഡയറക്ടർ, കെഎസ്സ്ബിസി | വിദേശമദ്യ വിൽപ്പന | 4000 | 5000 | 1000 |
| 8. | റോബി ഫ്രാൻസിസ് | കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. | 4000 | 5000 | 1000 |
| 9. | റോബി ഫ്രാൻസിസ് | കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം. | 4000 | 5000 | 1000 |
| 10. | സംഗീത കുരുവിള, ലേക്ക് വ്യൂ. | സർവ്വീസ് വില്ല | 4000 | 5000 | 1000 |
| 11. | മാനേജർ, മനാക്കിൾ റിസോർട്ട് | ലോഡ്ജിംഗ് & റിസോർട്ട് | 4000 | 5000 | 1000 |
| 12. | ഡോ.പ്രകാശൻ | കാരുണ്യ ഡിജിറ്റൽ എക്സ്റേ | 4000 | 5000 | 1000 |
| 13. | ജോൺ ജോസ് ബ്രദേഴ്സ് | കയർ മാറ്റ്സ് & മാറ്റിംഗ്സ് | 4000 | 5000 | 1000 |
| 14. | ജോതിർഘോഷ് കാവിള, റിലയൻസ് | റിലയൻസ് മോബൈൽ | 4000 | 5000 | 1000 |
| 15. | കെ.ജെ.ജോസഫ് | റബ്ബർ ഉൽപ്പന്നങ്ങൾ സ്റ്റോക്ക് & കയറ്റുമതി | 4000 | 5000 | 1000 |
| 16. | രജീഷ്. എം.പി. മുല്ലശ്ശേരി വെളി | കയർ ടഫിംഗ് & പിവിസി ബാക്ക് യൂണിറ്റ് | 4000 | 5000 | 1000 |
| 17. | മാനേജർ, പുത്തനങ്ങാടി ഷിയറിംഗ് | കയർ ഫാക്ടറി | 4000 | 5000 | 1000 |
| 18. | സന്തോഷ് ജോർജ്ജ്, പേൾസ് പോർട്ട് ഹോട്ടൽസ് റിസോർട്ട് | ഹോട്ടൽസ് & റിസോർട്ട് | 4000 | 5000 | 1000 |
| 19. | റാണി ടോമി, ഗ്ലാസ്സെക് കംപോണന്റ്സ് | ഗ്ലാസ് മോൾസ് | 4000 | 5000 | 1000 |
| 20. | താലി ഹോട്ടൽ & ഡെസ്റ്റിനേഷൻസ് പ്യൂരിറ്റി ലേക്ക് വേമ്പനാട് | ലോഡ്ജിംഗ് | 4000 | 5000 | 1000 |
| 21 | സാന്ദ്രാ മരിയാ ഫ്രീസ്, കുമരകം | സർവ്വീസ് വില്ല | 4000 | 5000 | 1000 |

| | | | | | |
|---|---|---|---|---|---|
| | വില്ലേജ് | | | | |
| 22 | ലീലാ ജോൺ, കോവിലകം | വില്ല | 4000 | 5000 | 1000 |
| | | | | ആകെ | 24000 |

ഈ വിഷയത്തിൽ രേഖാ മൂലമുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-10/12-03-2021 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പഞ്ചായത്തിൽ ഒഴിവ് ഇല്ലാത്ത സമയത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം

ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ GO(P) No.56/2017 Fin, Dtd-28.04.17 ഉത്തരവ് പ്രകാരമുള്ള 725 രൂപ , GO(P) No.81/ 2019 Fin, Dtd- 09.07.19 ഉത്തരവ് പ്രകാരമുള്ള 740 രൂപ , ദിവസവേതന വ്യവസ്ഥയിൽ നിയമിച്ചു. 2019-20 വർഷം നൽകിയ വേതനത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം.,<br>തീയതി | ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം | തുക |
|---|---|---|
| 21900025 / 01.04.2019 | 25 | 18,125 |
| 21900092 / 02.05.2019 | 20 | 14,500 |
| 21900183 / 01.06.2019 | 24 | 17400 |
| 21900266 /<br>01.07.2019 | 23 | 16,675 |
| 21900357 / 02.08.2019 | 24 | 17,040 |
| 21900439 /<br>02.09.2019 | 21 | 15,540 |
| 21900572 / 01.10.2019 | 18 | 13,320 |
| 21900631 / 30.10.2019 | 21 | 15,540 |
| 21900717 / 02.12.2019 | 22 | 16280 |
| 21900844 / 01.01.2020 | 23 | 17020 |
| 21900936/<br>01.02.2020 | 23 | 17020 |
| 21900936 /<br>02.03.2020 | 22 | 16,280 |
| ആകെ | | 194740 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11 /16.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014ലെ 25941/ജി-2/2013 സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 26-12-2016 ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/ജി-2/2016 കത്തുപ്രകാരം എല്ലാ സ്ഥാപനമേധാവികൾക്കും 5-2-14 ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് വീണ്ടും കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ട പ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി. വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ സർക്കാർ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശമുണ്ട്. ആയതിനാൽ, ഉത്തരവുകൾ പാലിച്ച് ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തേണ്ടതാണ്.

## 1-16 ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം -പ്രവർത്തന സജ്ജമാക്കിയില്ല

പ്രോജക്ട് നം-120/20 (സ്പിൽ ഓവർ)

നിർവ്വഹണം-അസി.എഞ്ചിനിയർ

സാങ്കേതികാനുമതി-1/2018-19 തിയതി-17/4/18

കരാർ നം-28/AE/MUH/LSGD/17-18 തിയതി- 17/7/18

പഞ്ചായത്തിന്റെ വിവിധ കോളനികളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി.പാലക്കാടിന് 211400രൂ.മുൻകൂറായി നല്കിയിട്ടുണ്ട്.

പ്രസ്തുത വർഷം പ്രവൃത്തി പൂർത്തീകരിച്ചില്ല.

L9-20 സാമ്പത്തിക വർഷം 6/3/19-തിയതിയിലെ പഞ്ചായത്ത് കമ്മറ്റി 1(7)തീരുമാന പ്രകാരം സി.എച്ച്.സി.മുഹമ്മ,സംസ്കൃത സ്കൂൾ,ആര്യക്കര കോളനി,കരുമാൻപറമ്പ് എന്നിവിടങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.അതിനായി 643082 രൂ.(38046രൂ,Vr.No.21901095/16.3.20,605036രൂ.,Vr.No.21901096/16.3.20) നിർവ്വഹണ ഏജൻസിയ്ക്ക് നല്കിയിട്ടുണ്ട്.

പദ്ധതി പ്രകാരം നിർമ്മിച്ച ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ ഒരെണ്ണം പോലും പ്രവർത്തനക്ഷമമല്ല.ഐ.ആർ.ടി.സി.പരിശീലനം നൽകിയതിന്റെ വിവരം,വൈദ്യുതി,വാട്ടർ കണക്ഷൻ എന്നിവ ലഭിച്ചതിന്റെ വിവരം,കരാറടിസ്ഥാനത്തിൽ ആളെ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,നിലവിലെ പ്രവർത്തനംഎന്നിവ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/9.3.21)മറുപടിയായി നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന രഹിതമാണെന്ന വിവരമാണ് അറിയിച്ചിട്ടുള്ളത്. ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 എസ്സ് എസ്സ് എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0064/19-20

പ്രോജക്ടിന്റെ പേര് - എസ്സ് എസ്സ് എ വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്,

അടങ്കൽ - 8,00,000/- (വികസന ഫണ്ട്)

ചിലവ് - 800000/-/-

ബിൽ നമ്പർ - 3/19-20തീയതി.03-08-19

എസ്സ് എസ്സ് എ വിഹിതമായി 8,00,000/- രൂപ എസ്.എസ്.എ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 7/11-03-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 8,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 കുട്ടികളുടെ കൊട്ടാരം - പണം കൈപ്പറ്റിയതിൽ അപാകത

പ്രോജക്ട് നം - S00168/19-20

പ്രോജക്ടിന്റെ പേര് - കുട്ടികളുടെ കൊട്ടാരം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ് എഎംപിഎൽ.പി.സ്കൂൾ

അടങ്കൽ (തനത് ഫണ്ട്) - 1,00,000/-

ചിലവ് - 97040/- (ചെക്ക് നം. 3060609തീയതി.19/3/20)

പഞ്ചായത്ത് പ്രദേശത്തുള്ള വിവിധ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായി, അവരുടെ സർഗശേഷിയും മറ്റും വികസിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. എന്നാൽ ഇങ്ങനെ നടത്തപ്പെടുന്ന പദ്ധതികൾ കൊണ്ട് അത് ഉദ്ദേശിക്കുന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവോ എന്ന് വ്യക്തമല്ല. പദ്ധതിയെ സംബന്ധിച്ച് യാതൊരു വിധത്തിലുള്ള മോണിറ്ററിംഗും നടന്നതായി കാണുന്നില്ല. കൂടാതെ, ടി പദ്ധതിയുടെ നടത്തിപ്പിലും മറ്റും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) പദ്ധതിയുടെ ഉദ്ഘാടനത്തിന്റേയും, മറ്റ് ചടങ്ങുകളുടെയും വീഡിയോയും, മറ്റ് പത്രവാർത്തകളും ആലപ്പി വിഷനിൽ നൽകിയതിന്റെ തുകയായ 1500/- രൂപയും, കുട്ടികളുടെ കൊട്ടാരം പരിപാടിയിൽ ക്ലാസ്സ് എടുത്ത ഫാക്കൽറ്റികൾക്ക് നൽകിയ 15000/- രൂപയും ഉൾപ്പടെ ആകെ 16500/- രൂപ നൽകിയിരിക്കുന്നത് ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂളിലെ സീനിയർ ടീച്ചറായ അഞ്ജു തിലകന്റെ പേരിൽ എസ്സ്ബിഐ ചേർത്തലയിലുള്ള 20141619690 അക്കൌണ്ടിലേയ്ക്കാണ്. ടി 16500/- രൂപയുടെ വൌച്ചറും അഞ്ജു തിലകൻ ഒപ്പിട്ടു നൽകിയിട്ടുണ്ട്. വിവിധ ഫാക്കൽറ്റികൾ ക്ലാസ്സെടുത്തതിനും, പത്രവാർത്തകൾ നൽകിയതിനും അദ്ധ്യാപികയ്ക്ക് പണം നൽകിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

(2) സ്കൂളിലെ പിടിസിഎം ആയ ശ്രീ. പി.വി. പ്രഭാകരൻ എന്നയാൾക്ക് സ്കൂളും പരിസരവും വൃത്തിയാക്കിയതിന്റെ പേരിൽ 1000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വൌച്ചറും ഫയലിനൊപ്പം ഹാജരാക്കിയിട്ടുണ്ട്. സ്കൂളും, പരിസരവും വൃത്തിയാക്കുവാൻ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ, തന്നിൽ അർപ്പിതമായ ജോലി ചെയ്തതിന് അധികമായി പണം കൈപ്പറ്റിയത് നടപടി ഉചിതമല്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (08/12-03-2121) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക 16500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 കുട്ടികളുടെ കൊട്ടാരം - ചെലവു രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S00110/19

പ്രോജക്ടിന്റെ പേര് - കുട്ടികളുടെ കൊട്ടാരം

അടങ്കൽ(വികസന ഫണ്ട്) - 1,00,000/-

ചിലവ് - 99,605/-

ബിൽ നമ്പർ - 1/19-20 /08-05-19

എഎംപി എൽ.പി.സ്കൂൾ, ഹെഡ്മിസ്ട്രസ്സ്, നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്പിൽഓവർ പ്രൊജക്ടാണിത്. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധയിനങ്ങൾക്കായി 99,605/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ആയതിന്റെ ചെലവ് രേഖകളും, വൌച്ചറുകളും ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. അവ ഓഡിറ്റിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.06/12-03-2021) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ചെലവ് തുക 99,605/- തടസ്സപ്പെടുത്തുന്നു.

## 1-20 ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല

1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്.എന്നാൽ 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും ഒരു പ്രാവശ്യം മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.പദ്ധതി രൂപീകരണത്തിനായാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഡിജിറ്റൽ ബോർഡും, കമ്പ്യൂട്ടറും സ്ഥാപിക്കൽ

പ്രോജക്ട് നം - S0067/20

പ്രോജക്ടിന്റെ പേര് - ഡിജിറ്റൽ ബോർഡും കമ്പ്യൂട്ടറും സ്ഥാപിക്കൽ

അടങ്കൽ - 2,50,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം )

ചിലവ് - 2,50,000/-/-

ബിൽ നമ്പർ - 8/19-20 തീയതി.31-03-2020

സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് വേണ്ടി ലക്ഷ്യമിട്ട് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്ടിനായി ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 2.5 ലക്ഷം രൂപ ചെലവഴിച്ച് ഡിജിറ്റൽ ബോർഡും, കമ്പ്യൂട്ടറുമടക്കമുള്ള ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ ക്ഷണിച്ചപ്പോഴും, പർച്ചേസ് ഓർഡർ നൽകിയപ്പോഴും 55 ഇഞ്ച് വലുപ്പമുള്ള രണ്ട് എൽഇഡി ടിവി നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വിതരണം നടത്തിയതും, സ്റ്റോക്കിൽ എടുത്തിട്ടുള്ളതും 50 ഇഞ്ച് വലുപ്പമുള്ള രണ്ട് എൽഇഡി ടിവിയാണ്(ഇൻവോയ്സ് നം. RJE 00760/19-20/18-01-2020). സ്ക്രീനിന്റെ വലിപ്പം കുറഞ്ഞതനുസരിച്ച് വിലയിലും കുറവ് സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും, ക്വട്ടേഷൻ ക്ഷണിച്ചപ്പോഴും, ഓർഡർ നൽകിയപ്പോഴും പറഞ്ഞിരുന്ന അളവിലുള്ള സാധനങ്ങളല്ല വിതരണം നടത്തിയിട്ടുള്ളത് എന്നത് ശരിയായ പ്രവണതയല്ല.

2) ഇതോടൊപ്പം വാങ്ങിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ ബില്ലിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കമ്പ്യൂട്ടർ സ്റ്റോക്കിൽ എടുത്തപ്പോഴും സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പർച്ചേസ് ഓർഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷനോടു കൂടിയ കമ്പ്യൂട്ടറുകൾ തന്നെയാണോ വിതരണം നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ കമ്പ്യൂട്ടറിന്റെ വാറന്റിയെ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ബില്ലിലോ, കരാറിലോ സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ ഉപകരണങ്ങൾക്ക് വാറന്റി ലഭിക്കുമോ എന്ന കാര്യവും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി-9/12-03-2021) ആയത് ഹാജരാക്കിയില്ല. സ്മാർട്ട് ക്ലാസ്സ് റൂം പോലെ ഇലക്ട്രോണിക് സംബന്ധമായ പദ്ധതികൾ കുറേക്കൂടി ശ്രദ്ധയോടെയും, കാര്യക്ഷമമായും, അതർഹിക്കുന്ന ഗൌരവത്തോടെയും നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് വിദ്യാഭാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പത്താം തരം തുല്യതാ ഹയർസെക്കന്ററി പരീക്ഷ -അപാകതകൾ

പ്രോജക്ട് നം - S0089/20

പ്രോജക്ടിന്റെ പേര് -പത്താം തരം-ഹയർസെക്കന്ററി തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

അടങ്കൽ - 1,00,000/- (വികസന ഫണ്ട്)

ചെലവ് - തുക. 48600/- ബിൽ നം.5/19-20/18.11.19.

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം , പത്താം തരം തുല്യതയ്ക്ക് 6 പഠിതാക്കൾക്കായി, 1850/- രൂപാ വീതം 11,100/- രൂപ, ഹയർ സെക്കന്ററി തുല്യതയ്ക്ക് 15 പഠിതാക്കൾക്കായി 2500/- രൂപാ വീതം 37500/- രൂപ , ഉൾപ്പടെ ആകെ 48,600/- രൂപ, രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഠിതാക്കളുടെ അപേക്ഷ , പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം , സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- 22 തീയതി.17/03/2021 ന് മറുപടി ലഭ്യമാക്കിയില്ല. തുക 48600/- രൂ. തടസ്സപ്പെടുത്തുന്നു.

## 1-23 തെങ്ങിന് ജൈവവളം -അപാകതകൾ

പ്രോജക്ട് നം. - S0082/19-20

പ്രോജക്ടിന്റെ പേര് - ,തെങ്ങിന് ജൈവവളം

വികസന ഫണ്ട് - 4,90,000

ഗുണഭോക്തൃവിഹിതം - 2,10,000

ആകെ അടങ്കൽ - 7,00,000

ചെലവ് -3,58,724/-(330724+28000)

(ചെലവ് പത്രിക പ്രകാരം

ചെലവ് (ബിൽ ബുക്ക് പ്രകാരം)

1) ബിൽ നം.7/19-20/21/01/2020/തുക. 29980/- (ഡോളോമൈറ്റ്)

2) ബിൽ നം. 13/19-20/21/01/2020/ തുക 262500 (നീം കേക്ക്)

3) ബിൽ നം. 19/19-20/17/03/2020/തുക 8998/- (ഡോളോമൈറ്റ്)

4) ബിൽ നം. 21/19-20/17/03/2020/തുക 78750/- (നീം കേക്ക്)

5)ബിൽ നം. 24/19-20/30/03/2020/തുക 3000/- (ഡോളോമൈറ്റ്)

6)ബിൽ നം. 25/19-20/30/03/2020/തുക 26250/- (നീം കേക്ക്)

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 14000 കിലോഗ്രാം നീംകേക്കും, 7000 കിലോഗ്രാം ഡോളോമൈറ്റും കേരകർഷകർക്കായ് വിതരണം നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വളം വാങ്ങിയതിലും, സബ്സിഡി നൽകിയതിലും അപാകതകൾ ഉണ്ട്. 75% സബ്സിഡിയും, 25% ഗുണഭോക്തൃവിഹിതവുമാണ് അംഗീകരിച്ച പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് സാധന വിലയുടെ 75% സബ്സിഡി വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. എന്നാൽ ഇവിടെ അംഗീകരിച്ച ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയ ശേഷം, യൂണിറ്റ് കോസ്റ്റിനനുസരിച്ചുള്ള വിലയുടെ 75% തുക സബ്സിഡിയായി നൽകുകയും, ബാക്കി 25% തുകയും, കൂടാതെ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി വന്ന മുഴുവൻ തുകയുടെ ബാദ്ധ്യതയും ഗുണഭോക്താവിന്റെ പക്കൽ നിന്നും ഗുണഭോക്തൃവിഹിതമായി ഈടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. നീം കേക്കിന്റേയും, ഡോളോമൈറ്റിന്റേയും യൂണിറ്റ് കോസ്റ്റനുസരിച്ചുള്ള വില യഥാക്രമം കിലോഗ്രാമിന് 35/- രൂപയും, 8/- രൂപയുമാണ്. എന്നാൽ ഇവിടെ നീം കേക്ക് 37/- രൂപയ്ക്കും, ഡോളോമൈറ്റ് 9.52 രൂപയ്ക്കുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇപ്രകാരം വാങ്ങൽ നടത്തിയത് മൂലം ഗുണഭോക്താക്കൾക്ക് സംഭവിച്ച അധിക ബാദ്ധ്യതയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാങ്ങിയ വളത്തിന്റെ പേര്/ വാങ്ങിയ സ്ഥാപനം/വില | വളത്തിന്റെ വില യൂണിറ്റ് കോസ്റ്റ് പ്രകാരം | ആകെ വാങ്ങിയ വളത്തിന്റെ വില | നൽകിയ സബ്സിഡി (75%) | ഗുണഭോക്തൃ വിഹിതം (25%) | ഗുണഭോക്തൃ വിഹിതം നൽകിയത് | ഗുണഭോക്തൃ വിഹിതം അധികം വാങ്ങിയത് |
|---|---|---|---|---|---|---|---|
| 1. | നീം കേക്ക്, കായിപ്പുറം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 37/-രൂ./ കിലോഗ്രാം | 35/- രൂ./ കിലോഗ്രാം | 518000/- @ 37/-രൂ./ | 367500/- @ 35/-രൂ./ കിലോഗ്രാം | 122500/-@ 35/-രൂ./ കിലോഗ്രാം | 150300/- @37/- | 27800/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കിലോഗ്രാം (ആകെ 14000/- കി.ഗ്രാം) | | | | |
| 2. | ഡോളോമൈറ്റ്, റെയ്ഡ്കോ, 9.52/കി.ഗ്രാം. | 8/- രൂ./ കിലോഗ്രാം | 69972/-@ 9.52/Kg (ആകെ 14000/- കി.ഗ്രാം) | 42150 @8.00/Kg | 14550/- @8.00/ Kg | 27992 @9.52/ Kg | 13442/- |
| | | | | | | ആകെ | 41242/- |

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മേൽ പ്രോജക്ട് പ്രകാരമുള്ള ചെലവ് 358724/-. എന്നാൽ ബിൽ ബുക്കും ഫയൽ രേഖകളും പ്രകാരം പ്രോജക്ടിനായി 409478/- രൂപ ചെലവഴിച്ചിട്ടുണ്ട്. 50754/- രൂപയുടെ വ്യത്യാസം. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവിൽ വ്യത്യാസം കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- 22 തീയതി.17/03/2021 ന് മറുപടി ലഭ്യമാക്കിയില്ല.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക നിരക്കിൽ നീംകേക്കും, ഡോളോമൈറ്റും വാങ്ങിയത് ക്രമപ്രകാരമല്ല. ആയത് വഴി സംഭവിച്ച അധിക ബാദ്ധ്യതാ തുകയായ 41242/- രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നടപടിയാണ്. ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുക വഴി അവരുടെ ജീവിത സന്ധാരണത്തിന് അധിക വരുമാനം സൃഷ്ടിക്കുന്നതിനോടൊപ്പം സ്ഥായിയായതും ഉത്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണവും ഉറപ്പാക്കുകയുമാണ്. മുഹമ്മ ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം 2019-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 740 |
| 2 | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | |
| | സ്പിൽ ഓവർ | 101 |
| | 2019-20 സാമ്പത്തികവർഷം | 125 |
| | ആകെ | 226 |
| 3 | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | 226 |
| 4 | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ഇല്ല |
| 5 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 115 |
| 6 | പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 2019-20 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 3956 |
| 7 | 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവരുടെ എണ്ണം | 112 |
| 8 | തൻവർഷം നൽകിയ ആകെ മനുഷ്യദിനങ്ങൾ | 102639 |

രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി- അവലോകനം

സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യത്തോടെ മുഹമ്മ ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് , 16.03.2021,17.03.2021 തീയതികളിൽ വി.ഇ.ഒ.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.16,20) ലഭിച്ച മറുപടികൾ, ലൈഫ് പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത്പ്രകാരം ,(എസ്.സി & ജനറൽ) വിഭാഗത്തിൽ ആകെ 323 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തു. ആയതിൽ 269 പേർ അർഹരായി, 241 പേർ പഞ്ചായത്തുമായി കരാർവച്ചു. 240പേർ നിർമ്മാണം ആരംഭിച്ചു. 236 പേർ നിർമ്മാണം പൂർത്തിയാക്കി. (ജനറൽ - 233, എസ്.സി -3)

ലൈഫ് പദ്ധതിപ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| കരാർ ചമച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽപൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കിയവർ | വീട് നിർമ്മാണം പൂർത്തിയാക്കിയവർ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 241 | 240 | 240 | 238 | 236 |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനനിർമ്മാണം - തുക തടസ്സപ്പെടുത്തുന്നു.

1) പ്രോജക്ട് നം - S0134/20 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -ലൈഫ് ഭവനനിർമ്മാണം-ജനറൽ 2

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (മുഹമ്മ)

വികസനഫണ്ട് - 1600000

സംസ്ഥാനാവിഷ്കൃതഫണ്ട് - 13200000

തനത് ഫണ്ട് - 2364800

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 944800

ജില്ലാപഞ്ചായത്ത് വിഹിതം -1320000

ഹഡ്കോ -4360000

ആകെ അടങ്കൽ -23789600

മേൽ പ്രോജക്ടിൽ ഉൾപ്പെട്ട ഷീല, തോപ്പുവെളി എന്ന ഗുണഭോക്താവ് കരാർ വെച്ച് അടിത്തറ നിർമ്മാണത്തിനായി 40000 രൂപ മുൻകൂർ തുകയായി കൈപ്പറ്റി(ബിൽ നം.18/27.11.19). എന്നാൽ പ്രവൃത്തി ആരംഭിച്ചില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.17/03/2021), ഗുണഭോക്താവിന്റെ വീട്ടിലേക്ക് വഴി ഇല്ലാത്തതിനാൽ ഭവനനിർമ്മാണത്തിനുള്ള സാധനങ്ങൾ എത്തിക്കുവാൻ സാധിക്കുന്നില്ല. പ്രവത്തി ആരംഭിക്കാനായി സെക്രട്ടറി പല തവണ നോട്ടീസ് നൽകിയെങ്കിലും പണം തിരിച്ചടവാക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചതായി മറുപടി ലഭ്യമാക്കി. തുക 40000/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക 40000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

1) പ്രോജക്ട് നം - S0134/20 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -ലൈഫ് ഭവനനിർമ്മാണം-ജനറൽ 2

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (മുഹമ്മ)

വികസനഫണ്ട് - 1600000

സംസ്ഥാനാവിഷ്കൃതഫണ്ട് - 13200000

തനത് ഫണ്ട് - 2364800

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 944800

ജില്ലാപഞ്ചായത്ത് വിഹിതം -1320000

ഹഡ്കോ -4360000

ആകെ അടങ്കൽ -23789600

മേൽ പ്രോജക്ടിൽ ഉൾപ്പെട്ട സിജിലാൽ, കുറവംപറമ്പ് എന്ന ഗുണഭോക്താവ് കരാർ വെച്ച് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ചെക്ക് നം/ഫണ്ട് | തീയതി | തുക |
|---|---|---|---|
| 1 | ബിൽ നം.7 | 17.10.18 | 40000 |
| 2 | ചെക്ക് നം.699145/ഹഡ്കോ | 11.2.19 | 160000 |
| 3 | ചെക്ക് നം.072141/ സംസ്ഥാനാവിഷ്കൃതഫണ്ട് | 21.8.20 | 100000 |
| 4 | ചെക്ക് നം.072145/സംസ്ഥാനാവിഷ്കൃതഫണ്ട് | 7.10.20 | 50000 |
| ആകെ | | | 350000 |

2018-19 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.17/03/2021), ഗുണഭോക്താവ് ഇടക്ക് ജോലി ആവശ്യത്തിന് നാട് വിട്ടുപോയതിനാൽ പണി

തടസ്സപ്പെട്ടിരുന്നു. നിലവിൽ മേൽക്കൂര പണി പുരോഗമിക്കുന്നു. എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച്, ഭ വന നിർമ്മാണം പൂർത്തീകരിച്ച് , പൂർത്തീകരണ സാക്ഷ്യപത്രം, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-28 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി തുക നൽകിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

1. പ്രോജക്ട്: കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള ശ്രവണ സഹായികൾ വാങ്ങി നൽകൽ (S0151/20)

അടങ്കൽ : 50000/-(തനത് ഫണ്ട്)

ചെലവ് : 50000/-

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രവണ സഹായി വാങ്ങുന്നതിന് ഒരു ഗുണഭോക്താവിന് 50000/-രൂപ കേരളാ സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ, ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. പ്രോജക്ട്: അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ(S0154/19)

അടങ്കൽ : 10000 (തനത് ഫണ്ട്)

ചെലവ് : 10000/-

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 വർഷം 5 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷനായി 70000/- രൂപ 20.3.19 ൽ കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. 15.07.2019 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയുടെ ഡി1 2019/4637 നം. കത്തിൽ എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 80,000/- രൂപയായി വർദ്ധിച്ചതായും 10,000/- രൂപ അക്കൌണ്ടിലേയ്ക്ക് മാറി നല്കണമെന്ന് അറിയിച്ചതിനെ തുടർന്ന് തുക മാറി നല്കിയിട്ടുണ്ട് . എന്നാൽ , ഫയലിൽ എസ്റ്റിമേറ്റ്, പ്രവർത്തി നിർവഹണ സാക്ഷ്യപ്പത്രം എന്നിവ സൂക്ഷിച്ചിട്ടില്ല.

നല്കിയിരുന്നഎന്നാൽ പദ്ധതി ആരംഭിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.7.19 ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് തുകയിൽ ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 80000/- രൂപയായിട്ടുണ്ടെന്നും ആയത് നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 10,000/- രൂപ 2019-20 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്നറിയിച്ചു.

മേൽ പദ്ധതികൾക്കായി ചെലവഴിച്ച 60,000/-രൂപ (50000/-+10,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-29 ലൈഫ് ഭവനനിർമ്മാണം - അപാകതകൾ

പ്രോജക്ട് നം - S0128/20 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് -ലൈഫ് ഭവനനിർമ്മാണം-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കായിപ്പുറം)

വികസനഫണ്ട് - 1600000

സംസ്ഥാനാവിഷ്കൃതഫണ്ട് - 10200000

തനത് ഫണ്ട് - 1119100

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 719100

ജില്ലാപഞ്ചായത്ത് വിഹിതം -740000

ഹഡ്കോ -4000000

ആകെ അടങ്കൽ -18378200

മേൽ പ്രോജക്ടിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല.

1)കൃഷ്ണമ്മ, ആഞ്ഞിലിമൂട്ടിൽ എന്ന ഗുണഭോക്താവ് കരാർ വെച്ച് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട്/ ബിൽ നം/ചെക്ക് നം | തീയതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | ബിൽ നം. 7 | 18.7.18 | 40000 |
| 2 | ഹഡ്കോ/ചെക്ക് നം.699145 | 11.2.19 | 160000 |
| 3 | സംസ്ഥാനാവിഷ്കൃതഫണ്ട് /ചെക്ക് നം.072129 | 18.5.20 | 100000 |
| 4 | ബിൽ നം. 1 | 18.5.20 | 40000 |
| ആകെ | | | 340000 |

2018-19 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.17/03/2021), ഗുണഭോക്താവിന്റെ പരിസരവാസികൾ വഴി തടസ്സപ്പെടുത്തി. ആയതിന് ഒരു വർഷത്തോളം കോടതിയിൽ കേസിന് പോയി. നിലവിൽ അനുകൂലമായ വിധി ലഭിച്ചിട്ടുണ്ട്.മേൽക്കൂരഓട് ഇട്ടു. കട്ടിള, ജനൽ എന്നിവ ഉറപ്പിച്ചിട്ടുണ്ട്, എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഭ വന നിർമ്മാണം പൂർത്തീകരിച്ച് , പൂർത്തീകരണ സാക്ഷ്യപത്രം, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

2) നിജി സജീവ്,കൊല്ലംപറമ്പ്, എന്ന ഗുണഭോക്താവ് കരാർ വെച്ച് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട്/ ബിൽ നം/ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | തനത് ഫണ്ട്/ചെക്ക് നം.645519 | 13.9.18 | 40000 |
| 2 | ഹഡ്കോ/ചെക്ക് നം.699145 | 11.2.19 | 160000 |
| 3 | ഹഡ്കോ /ചെക്ക് നം.072119 | 31.10.19 | 60000 |
| 4 | ബിൽ നം. 31 | 23.3.20 | 100000 |
| 5 | സംസ്ഥാനാവിഷ്കൃതഫണ്ട്/ചെക്ക് നം.072140 | 14.8.20 | 20000 |
| ആകെ | | | 380000 |

2018-19 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.17/03/2021), മേൽക്കൂര പൂർത്തീകരിച്ചു. ബാക്കി പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഭ വന നിർമ്മാണം പൂർത്തീകരിച്ച് , പൂർത്തീകരണ സാക്ഷ്യപത്രം, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

3) ഷീബ ബൈജു,പുത്തൻവീട് എന്ന ഗുണഭോക്താവ് കരാർ വെച്ച് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട്/ ബിൽ നം/ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | തനത് ഫണ്ട്/ചെക്ക് നം.645519 | 13.9.18 | 40000 |
| 2 | ഹഡ്കോ/ചെക്ക് നം.699145 | 11.2.19 | 160000 |
| 3 | ഹഡ്കോ /ചെക്ക് നം.699153 | 10.4.19 | 60000 |
| 4 | ബിൽ നം. 15 | 20.11.19 | 40000 |
| 5 | സംസ്ഥാനാവിഷ്കൃതഫണ്ട്/ചെക്ക് നം.072137 | 27.7.20 | 50000 |
| ആകെ | | | 350000 |

2018-19 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.17/03/2021), മേൽക്കൂര പൂർത്തീകരിച്ചു. ബാക്കി പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഭ വന നിർമ്മാണം പൂർത്തീകരിച്ച് , പൂർത്തീകരണ സാക്ഷ്യപത്രം, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-30 ഹരിത സഹായ സംഘത്തിന് കൺസൾട്ടേഷൻ ഫീസ് നൽകൽ -അപാകതകൾ

2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ (ധനകാര്യകമ്മീഷൻ അവാർഡ്) നിന്നും 62400/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടാണ് ,ഹരിത സഹായ സംഘത്തിന് കൺസൾട്ടേഷൻ ഫീസ് നൽകൽ (പ്രോജക്ട് നം - S 0149/20).

സോഷ്യോ എക്കണോമിക് യൂണിറ്റിന് കൺസൾട്ടൻസി ഫീസ് നൽകുന്നതിനു ലക്ഷ്യമിട്ട

മേൽ പ്രോജക്ടിന് വേണ്ടി സെക്രട്ടറിയും സോഷ്യോ എക്കണോമിക് യൂണിറ്റിന് വേണ്ടി സ്ഥാപനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറുമായി 13/12/19 ൽ 5/19-20 നമ്പറായി കരാർ ചമച്ചിട്ടുണ്ട്. പ്രോജക്ടിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റിന്62400/- രൂപ (ബിൽ നം.24/19-20/18.01.20) നൽകി. എന്നാൽ പ്രസ്തുത തുകയ്ക്ക് സ്ഥാപനം പഞ്ചായത്തിന് നൽകിയ സേവനങ്ങളുടെ വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീയതി.16/03/2021), ഇത് സംബന്ധിച്ച് പഞ്ചായത്തിന് നൽകിയ സേവനങ്ങളുടെ വിവരം ടി സ്ഥാപനം നൽകിയിട്ടില്ലെന്ന്

മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് സ്ഥാപനം നൽകിയ സേവനവിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക 62400/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 എസ്.ടി. കുടുംബങ്ങൾക്ക് വാട്ടർടാങ്ക് -അപാകതകൾ

പ്രോജക്ട് നം - S 0139/20

പ്രോജക്ടിന്റെ പേര് - എസ്.ടി. കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വികസനഫണ്ട്(ടി.എസ്.പി) - 45000/-

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 15000/-

ആകെ അടങ്കൽ - 60000/-

ചെലവ് വിവരം - ബിൽ നം.12/19-20/30.03.20 തുക. 16250/-

15 എസ്.ടി കുടുംബങ്ങൾക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് 500 ലിറ്ററിന്റെ പി.വി.സി.വാട്ടർടാങ്ക് 75% സബ്സിഡി നിരക്കിൽ പരമാവധി 3000/- രൂപയും, ഗുണഭോക്തൃവിഹിതം 25% തുകയും അടയ്ക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന് നൽകുന്നതിനായിരുന്നു അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. ഈഗിൾ പോളിമേഴ്സിന്റെ 10/03/2020 ലെ 475-ാ നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 05 കുടിവെള്ള ടാങ്കുകൾ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Unit | Unit Price | Amount |
|---|---|---|---|---|
| ISI Plastic Water Tank (Black) 500 Ltr | 05 | Litre | 5.508 | 13771/- |
| CGST (9%) | | | | 1239.405 |
| SGST (9%) | | | | 1239.405 |
| Grand Total | | | | 16250.00 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാട്ടർ ടാങ്ക് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

2) പത്ത് ഗുണഭോക്താക്കളിൽ നിന്നും 06/03/2020 തീയതിയിൽ 813 രൂ. വീതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, | രസീത് നം. | തീയതി |
|---|---|---|---|
| 1) | തിലക | 119010104224 | 06-03-2020 |
| 2) | സന്ധ്യ | 119010104225 | 06-03-2020 |
| 3) | സുഭദ്ര | 119010104226 | 06-03-2020 |
| 4) | മണിയമ്മ | 119010104227 | 06-03-2020 |
| 5) | ഉഷ | 119010104228 | 06-03-2020 |
| 6) | ശ്യാമള | 119010104229 | 06-03-2020 |
| 7) | പ്രകാശൻ | 119010104285 | 09-03-2020 |
| 8) | കുമാരി | 119010104365 | 13-03-2020 |
| 9) | സന്തോഷ് | 119010104508 | 20-03-2020 |
| 10) | കുർഫി പിള്ള | 119010104523 | 23-03-2020 |

എന്നാൽ തിലക, സുഭദ്ര, കുമാരി, സന്ധ്യ, ശ്യാമള, എന്നീ 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുള്ളത്. ഈഗിൾ പോളിമേഴ്സിന്റെ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ 5 വാട്ടർ ടാങ്കുകൾക്ക് 5 ഗുണഭോക്താക്കളിൽ നിന്നും 813 രൂ. വീതം ഈടാക്കേണ്ടിയിരിക്കേ, പത്ത് പേരിൽ നിന്നും 813/- രൂ. വീതം ഈടാക്കി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 06-03-2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2 തീയതി.6/3/2021) , 10 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കിയെങ്കിലും 2019-20 സാമ്പത്തികവർഷം 5 ഗുണഭോക്താക്കൾ മാത്രമാണ് രേഖകൾ സമർപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈഗിൾ പോളിമേഴ്സിൽ നിന്നും 5 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് ലഭ്യമാക്കിയത്. 2020-21 സാമ്പത്തികവർഷം ടി പ്രോജക്ട് സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 6.6(5) പ്രകാരം, പി.വി.സി.വാട്ടർടാങ്ക് (500 ലിറ്ററിന്റെ ) പരമാവധി വില 3000/- ആണ്. അംഗീകരിച്ച പ്രോജക്ടിലും നിരക്ക് 3000/- തന്നെയാണ്. എന്നാൽ 3250/- രൂപ പ്രകാരമാണ് വാട്ടർ ടാങ്കുകൾ വാങ്ങിയത്. അധിക നിരക്കിൽ വാങ്ങൽ നടത്തിയതിന് വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19 തീയതി.16/3/2021) , മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 250/- രൂപ അധിക നിരക്കിൽ 5 വാട്ടർ ടാങ്കുകൾക്ക് ചെലവായ 1250/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 വൈദ്യുതി ലൈൻ വ്യാപനം -പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം - S0051/20

പ്രോജക്ടിന്റെ പേര് - വൈദ്യുതി ലൈൻ വ്യാപനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വികസനഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) - 619144

മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന്(ജി.പ) -540000

ആകെ അടങ്കൽ - 1159144

ചെലവ് വിവരം - ബിൽ നം.22/19-20/18.1.20 തുക. 227457/-

ബിൽ നം.23/19-20/18.1.20 തുക. 312543/-

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ വ്യാപനത്തിനായി കെ.എസ്.ഇ.ബി നൽകുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്ട് പ്രകാരം,

1) കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മുഹമ്മ , അസിസ്റ്റന്റ് എഞ്ചിനീയറോട് പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള താഴെ പട്ടികയിലുള്ള റോഡുകളിൽ വൈദ്യുതിലൈൻ വ്യാപനത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടു.( 30.9.19 ലെ ബി1-2500/19(1) നം.കത്ത്)

| ക്രമ നം | റോഡിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | ആര്യക്കര-പുളിമൂട് റോഡ് | 13 |
| 2 | ചിത്രാഞ്ജവലറി-പാട്ടച്ചിറ റോഡ് | 8 |
| 3 | കണ്ടനാട്-തൈയ്യിൽ റോഡ് | 16 |
| 4 | കല്യാശ്ശേരി-ജനശക്തി റോഡ് | 5 |

ആയത്പ്രകാരം തയ്യാറാക്കിയ 931687/- രൂപയുടെ താഴെ ചേർക്കും പ്രകാരമുള്ള എസ്റ്റിമേറ്റിന് , 16.12.19 തീയതിയിൽ DB/SL-AS-21/19-20/EE/ED/CTLA നമ്പറായി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാനുമതി ലഭിച്ചു.

| ക്രമ നം | റോഡിന്റെ പേര് | ആകെ തുക |
|---|---|---|
| 1 | കല്യാശ്ശേരി-ജനശക്തി റോഡ് | 234330 |
| 2 | ചിത്രാഞ്ജവലറി-പാട്ടച്ചിറ റോഡ് | 154120 |
| 3 | ആര്യക്കര-പുളിമൂട് റോഡ് | 141650 |
| 4 | കണ്ടനാട്-തൈയ്യിൽ റോഡ് | 252830 |
| ആകെ | | 782930 |
| GST(18%) | | 140927.40 |
| Flood Cess(1%) | | 7829.30 |
| Grand Total | | 931687 |

2) കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ,തണ്ണീർമുക്കം , അസിസ്റ്റന്റ് എഞ്ചിനീയറോട് താഴെ പട്ടികയിലുള്ള റോഡിൽ വൈദ്യുതിലൈൻ വ്യാപനത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടു.( 30.9.19 ലെ ബി1-2500/19 നം.കത്ത്)

| ക്രമ നം | റോഡിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | തോട്ടുപുറത്ത്- അംഗൻവാടി റോഡ് | 2 |

ആയത്പ്രകാരം തയ്യാറാക്കിയ 227457/- രൂപയുടെ താഴെ ചേർക്കും പ്രകാരമുള്ള എസ്റ്റിമേറ്റിന് , 19.11.19 തീയതിയിൽ DB/SL-AS-13/19-20/EE/ED/CTLA നമ്പറായി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാനുമതി ലഭിച്ചു.

| ക്രമ നം | റോഡിന്റെ പേര് | ആകെ തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | തോട്ടപ്പുറത്ത്- അംഗൻവാടി റോഡ് | 191140 |
| GST(18%) | | 34405.20 |
| Flood Cess(1%) | | 1911.40 |
| Grand Total | | 227457 |

6.6.20 ലെ 1(5) നം പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം, 19-20 ലെ വൈദ്യുതിലൈൻ വ്യാപനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയ ആര്യക്കര-പുളിമൂട് റോഡ് 18-19 ലെ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളതിനാൽ നിലവിലെ എസ്റ്റിമേറ്റ് തുകയായ 141650/- രൂപയിൽ നിലനിർത്തിക്കൊണ്ട് ഹരിശ്രീ -പുതുപ്പറമ്പ് റോഡിൽ വൈദ്യുതിലൈൻ വ്യാപനം പ്രവൃത്തി ചെയ്യിക്കുന്നതിനും ആയതിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു. ആയത് പ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇലക്ട്രിക്കൽ സെക്ഷൻ, മുഹമ്മ , അസിസ്റ്റന്റ് എഞ്ചിനീയർക്ക് 26.6.20 ൽ ബി1-2500/20 നമ്പർ കത്ത് നൽകി.

19-20 വർഷം 540000/- രൂപഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിക്കായി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയുമായി 9.6.20ൽ 2500/19-20 നമ്പറായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. പ്രവൃത്തിക്കായി ആകെ നൽകിയ തുകയുടെ വിവരം ലഭ്യമല്ല.

3. ആര്യക്കര-പുളിമൂട് റോഡ് എസ്റ്റിമേറ്റ് ഒഴിവാക്കി പകരം കെ.എസ്.ഇ.ബി. തയ്യാറാക്കി നൽകിയ ഹരിശ്രീ -പുതുപ്പറമ്പ് റോഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് , തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണവും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവയും അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീയതി.16/3/2021),2019-20 സാമ്പത്തിക വർഷം കെ.എസ്.ഇ.ബിക്ക് 540000/- രൂപയും, ബാക്കി തുക 619144/- രൂപ ക്യൂ ബില്ലായതിനാൽ 2020-21 സാമ്പത്തിക വർഷവും നൽകി. ആര്യക്കര-പുളിമൂട് റോഡ് എസ്റ്റിമേറ്റ് ഒഴിവാക്കി പകരം ഹരിശ്രീ -പുതുപ്പറമ്പ് റോഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, നിലവിൽ വൈദ്യുതി പോസ്റ്റുകളുടെയും , മറ്റ് മെറ്റീരിയൽസിന്റെയും അഭാവം മൂലം പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. തുക കൈമാറി രണ്ട് വർഷങ്ങൾക്ക് ശേഷവും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 2019-20 ലെ ചെലവ് തുക 540000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 കാലഹരണപ്പെട്ട യാത്രാബത്ത ക്ലയിമിന് ടി.എ നൽകി

കെ.എസ്സ്.ആർ. പാർട്ട്-II-ചട്ടം 5Aപ്രകാരം ടി.എ. ക്ലയിമുകൾ, ക്ലയിം ഡ്യൂ ആയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കൺട്രോളിംഗ് ഒഫീസർ മുൻപാകെ സമർപ്പിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെടുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 56(A) പ്രകാരം കാലഹരണപ്പെട്ട ബില്ലുകളിന്മേൽ തുക നൽകുന്നതിനുമുൻപ് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജയലാലിന്റെ ടി.എ.ബില്ലുകൾ പരിശോധിച്ചതിൽ ടി.എ. ക്ളയിമുകൾ, നിയമപ്രകാരം കാലഹരണപ്പെട്ട തീയതിക്കു ശേഷം സമർപ്പിച്ച് യാത്രാപ്പടി കൈപ്പറ്റിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| യാത്രയുടെ വിവരങ്ങൾ | | യാത്രാപ്പടി അനുവദിച്ച കമ്മറ്റി തീരുമാനം നം., തീയതി | വൗച്ചർ നം., തീയതി, ബില്ലിന്റെ ആകെ തുക | ചെക്ക് നം., തീയതി |
|---|---|---|---|---|
| യാത്ര നടത്തിയ മാസവും,വർഷവും | കൈപ്പറ്റിയ തുക | | | |
| 01/2017 | 2000 | 31/1<br>29.10.19 | 21900929/ 31.01.20,<br>25780 | 036833 / 30.01.<br>2020 |
| 02/2017 | 5230 | " | " | " |
| 03/2017 | 2000 | " | " | " |
| 04/2017 | 3200 | " | " | " |
| 05/2017 | 2460 | " | " | " |
| 06/2017 | 1200 | " | " | " |
| 07/2017 | 2800 | " | " | " |
| 08/2017 | 1200 | " | " | " |
| 09/2017 | 1400 | " | " | " |
| 10/2017 | 1000 | " | " | " |

| | | | | |
|---|---|---|---|---|
| 11/2017 | 2090 | " | " | " |
| 12/2017 | 1200 | " | " | " |

കാലഹരണപ്പെട്ട് തീയതിക്കുശേഷം ടി.എ. അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ അപ്രകാരം അനുമതി വാങ്ങാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16.03.21 തീയതിയിലെ 11ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## 2-1 തൊഴിൽനികുതി

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

I.അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് അനുസൃതമായി നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം പട്ടികയിൽ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | അർദ്ധ വർഷം |
|---|---|---|---|---|---|---|
| T.G POLYMERS &CO. | സുജിത്ത് | 65619 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| വേദ വ്യാസ ഇംഗ്ലീഷ് മീഡിയം സ്കൂൾ | സോമശേഖര പണിക്കർ, പ്രിൻസിപ്പാൾ | 30000 | 300 | 180 | 120 | " |
| | മായ എസ് നായർ എച്ച്.എം | 36000 | 300 | 180 | 120 | " |
| | ലതി. കെ. പി ,ടീച്ചർ | 30000 | 300 | 180 | 120 | " |
| | ജസീന്ത.ഏ.ജി, ടീച്ചർ | 24000 | 180 | 120 | 60 | " |
| | അഞ്ജന .ബി ,ടീച്ചർ | 24000 | 180 | 120 | 60 | " |
| | റീന.കെ ,ടീച്ചർ | 24000 | 180 | 120 | 60 | " |
| | ശ്രീന വിജയൻ ,ക്ലാർക്ക് | 24000 | 180 | 120 | 60 | " |
| | രാധിക . സി. റ്റി , ആയ | 24000 | 180 | 120 | 60 | " |
| | അമ്പിക ,കുക്ക് | 24000 | 180 | 120 | 60 | " |
| Glass Tech Components | മഹേഷ് | 77833 | 750 | 450 | 300 | രണ്ടാം അർദ്ധവർഷം |
| KE Carmel Central School | രൂപേഷ്. പി ഡ്രോയിംഗ് ടീച്ചർ | 104154 | 1000 | 750 | 250 | " |
| ESAF Small Finance Bank | ആമിന .എൻ, ഓഫീസർ | 64800 | 600 | 300 | 300 | " |
| ആകെ | | | | | 1720 | |

II.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | നഷ്ടത്തുക |
|---|---|---|
| ആലപ്പുഴ ജില്ലാ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, | രണ്ടാം അർദ്ധ വർഷം | 1250 |
| മുത്തൂറ്റ് ഫിനാൻസ്, മുഹമ്മ | രണ്ടാം അർദ്ധവർഷം | 1250 |
| ആകെ | | 2500 |

III. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വേദ വ്യാസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും അധ്യാപക – അനധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധവർഷം 1440 രൂപ ഈടാക്കിയിട്ടുണ്ട്. രണ്ടാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല.

IV. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആസാദ് എൽ.പി സ്കൂളിൽ നിന്നും അധ്യാപക – അനധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ രണ്ടാം അർദ്ധവർഷം 12,250 രൂപ ഈടാക്കിയിട്ടുണ്ട്. ഒന്നാം അർദ്ധ വർഷം തുക ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം . 14 / 16.03.21 ) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, നഷ്ടത്തുകയായ 4220/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 257022 | മാനസികശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 257022 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2060000 | | 2060000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000 | | 400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 1000000 | | 1000000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 250281 | | 250281 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 490207 | | 490207 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 1663900 | | 1663900 | 0 |
| ആകെ | | 6221410 | | 6221410 | |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ വൌച്ചർ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവു വിളക്ക് ലൈൻ എക്സ്റ്റേൻഷൻ | 21901119-28/11/19 | 227457 | | 227457 |
| KSEB | തെരുവു വിളക്ക് ലൈൻ എക്സ്റ്റേൻഷൻ | 21901132-19/12/19 | 312543 | | 312543 |
| KWA | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 21900704 | 10000 | | 10000 |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7060000 രൂ. വരവ് ഉണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| HUDCO | | 50297040 | 43237040 | 3470589 | | 46826451 |
| EMS HOUSING | | | 780228 | 780228 | | 0 |
| | | 50297040 | 44017268 | 4250817 | | 46826451 |

.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16506/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | ലഭ്യമല്ല | 596 | വിമൽ റോയി | 119010100785/20.6.2019 |
| 2010-11 | ലഭ്യമല്ല | 650 | മാനേജർ,ഒബ്റോയി | 119010100797/21.06.2019 |
| 2011-12 | ലഭ്യമല്ല | 1250 | സെക്രട്ടറി,എസ്.സി.ബി | 119010100801/21.06.2019 |
| 2012-13 | ലഭ്യമല്ല | 443 | അശോക് കുമാർ | 119010100888/29.06.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 594 | മോനിച്ചൻ | 119010100902/1.07.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 743 | ഗോപകുമാർ | 119010100905/1.07.2019 |
| 2012-13 | 2-4 | 221 | ജോസഫ് | 119010100909/2.7.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 2421 | പുരുഷോത്തമൻ പിള്ള | 119010100924/3.07.2019 |
| 2012-13 | ലഭ്യമല്ല | 2055 | പോൾ ജോസഫ് | 119010100950/05.07.2019 |
| 2012-13 | ലഭ്യമല്ല | 359 | കെ.കെ.ഹരിദാസ് | 119010100982 / 08.07.2019 |
| 2013-14 | ലഭ്യമല്ല | 2500 | കെ.ജോസഫ് | 119010101050 /16.07.2019 |
| 2013-14 | 2-2 | 2500 | ശിവപ്രസാദ് | 119010101066 / 17.07.2019 |
| 2012-13 | ലഭ്യമല്ല | 1906 | അരവിന്ദാക്ഷൻ | 119010101170 / 26.07.2019 |
| 2011-12<br>2012-13 | ലഭ്യമല്ല | 268 | പി.ഇ.അബ്ദുൾ സലാം | 119010103267 / 31.12.2019 |
| ആകെ | | 16506 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവ9090ർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |
| | | ഇല്ല | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :80082235 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :79478602 |
| വരവിനങ്ങളിലുള്ള നഷ്ടം | :4220 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :1668355/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4220 | | പി.എസ്സ്. രാമചന്ദ്രൻ. സെക്രട്ടറി, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 800000 | ജ്യോതികല, എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-18 | 16500 | ജ്യോതികല, എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-19 | 99605 | ജ്യോതികല, എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-22 | 48600 | ജ്യോതികല, എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-26 | 40000 | ഹാഷിഫ്. എച്ച്. വിഇഒ,(മുഹമ്മ സർക്കിൾ) |
| 1-28 | 60000 | ധന്യാ, ഐസിഡിഎസ്സ് സൂപ്പർവൈസർ |
| 1-30 | 62400 | പി.എസ്സ്. രാമചന്ദ്രൻ. സെക്രട്ടറി, |
| 1-31 | 1250 | ലസിത, അസി. സെക്രട്ടറി, |
| 1-32 | 540000/- | പി.എസ്സ്. രാമചന്ദ്രൻ. സെക്രട്ടറി, |
| ആകെ | 1668355 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

വിഇ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ്സ്. രാമചന്ദ്രൻ. സെക്രട്ടറി, | വിരമിച്ചു. | പാർവ്വതി നിലയം, ആര്യട് നോർത്ത്, ആലപ്പുഴ |
| അഞ്ജന ബാബു, കൃഷി ഓഫീസർ | | രാഹുൽ നിവാസ്, ആര്യട് നോർത്ത്, ആലപ്പുഴ |
| എ.ധന്യാ, ഐസിഡിഎസ്സ് സൂപ്പർവൈസർ | ഐസിഡിഎസ്സ് സൂപ്പർവൈസർ, ചേർത്തല സൌത്ത്, | മണ്ണാപറമ്പിൽ, ആര്യട് നോർത്ത്, ആലപ്പുഴ |
| ജ്യോതികല, എച്ച്.എം | വിരമിച്ചു. | രജി നിവാസ്, സിഎംസി-14, ചേർത്തല |
| ലസിത, അസി. സെക്രട്ടറി, | അസി. സെക്രട്ടറി,മുഹമ്മ ഗ്രാമപഞ്ചായത്ത് | ലാസ്യം, മുഹമ്മ.പി.ഓ. ആലപ്പുഴ |
| ഹാഷിഫ്. എച്ച്. വിഇഒ, (കായിപ്പുറം സർക്കിൾ) | വിഇഒ,( കായിപ്പുറംസർക്കിൾ)മുഹമ്മ ഗ്രാമപഞ്ചായത്ത് | കളത്തിൽ പുത്തൻ വീട്, പൊന്നാട് പി.ഓ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| | |

| | |
|---|---|
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/06.02.14 |
| 2008-09 - 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.06.14 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 /10.03.16 |
| 2012-13 2013-14 | എൽ.എഫ്.എ.പി 1/130/15/10.03.16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/18.05.17/7.6.17 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി14-1524/2016/1.11.17/14.11.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി14-858/17/9.4.18/18.4.18 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി5-60/2019/27.1.2020 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി5-1187/2019/27.5.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്